# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 709 — 11.03.2015-ൽ മറുപടിക്ക്

**എൻ.ആർ.എച്ച്.എം., ആയുഷ് പദ്ധതി പ്രകാരം ജോലി ചെയ്തുവരുന്നവരുടെ വേതനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം., ആയുഷ് പദ്ധതി പ്രകാരം ജോലി ചെയ്തുവരുന്ന ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും വേതനം എത്ര രൂപയാണ് : ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) എൻ.എച്ച്.എം., ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ നിലവിലെ പ്രതിമാസ വേതനം 26,000/- രൂപയും, ആയുഷ് തെറാപ്പിസ്റ്റ്മാരുടെ നിലവിലെ പ്രതിമാസ വേതനം 10,800/- രൂപയും, ആയുഷ് നഴ്സുമാരുടെ നിലവിലെ പ്രതിമാസ വേതനം 14,500/- രൂപയുമാണ്. ആയുഷ് തെറാപ്പിസ്റ്റ്മാരുടെയും, നഴ്സുമാരുടെയും പ്രതിമാസ വേതനത്തിൽ 10% വർദ്ധനവ് നൽകുന്നതിലേക്കായി കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഡിസ്പെൻസറികൾ സർക്കാർ ഡിസ്പെൻസറികളാക്കി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ